# SOCIAL SCIENCE-1

## CHAPTER 1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

By : MUSTAFA PALOLI
GHSS NADUVANNUR
KOZHIKODE

## എന്താണ് വിപ്ലവങ്ങൾ?

സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുന്ന നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കാനുള്ള സമരങ്ങളാണ് വിപ്ലങ്ങൾ എന്നറിയപ്പെടുന്നത്.

ആദ്യകാല വിപ്ലങ്ങൾക്ക് പ്രേരകമായ പ്രധാന ഘടകം നവോത്ഥാനമാണ്.

## നവോത്ഥാനം എന്നാൽ എന്താണ് ?

*14 ഉം 15 ഉം നൂറ്റാണ്ടുകളിൽ ഇറ്റലിയിലും മറ്റുയൂറോപ്യൻ രാജ്യങ്ങളിലും ഉണ്ടായ കലാവൈജ്ഞാനിക രംഗത്തെ പുത്തൻ ഉണർവിനെയാണ് നവോത്ഥാനമെന്ന് പറയുന്നത്

*അന്വേഷണകൗതുകം, വിമർശനബുദ്ധി, യുക്തിചിന്ത, മാനവികത, ശാസ്ത്രബോധം എന്നിവ നവോത്ഥാനകാല സവിശേഷതകളാണ്.

**ജ്ഞാനോദയം** നവോത്ഥാനത്തിന്റെ ഫലമായി 18 -നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ ധൈഷണികമായമുന്നേറ്റമായിരുന്നു ജ്ഞാനോദയം

**ചിന്തകർ** - ദെനി ദിദറോ, ജോൺ ലോക്ക്, തോമസ് പെയിൻ, വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ

**ആശയങ്ങൾ**- സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത

# അമേരിക്കൻ സ്വാതന്ത്ര്യസമരം

അമേരിക്കയിലെ 13 കോളനികൾ-



മെർക്കന്റലിസ്റ്റ് നിയമങ്ങൾ - മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നയങ്ങൾ

1. ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമേ സാധനങ്ങൾ കൊണ്ടുപോകാവൂ.


2. കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര,കമ്പിളി,പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.

3. കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം

4. കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിനുള്ള താമസസ്ഥലവും സൗകര്യങ്ങളും കോളനിക്കാർ നൽകണം.

5. കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില,ഗ്ലാസ്,കടലാസ് എന്നിവക്ക് ഇറക്കുമതിച്ചുങ്കം നൽകണം

കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര,കമ്പിളി,പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.



ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമേ സാധനങ്ങൾ കൊണ്ടുപോകാവൂ.



കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം




കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിനുള്ള താമസസ്ഥലവും സൗകര്യങ്ങളും കോളനിക്കാർ നൽകണം



## അമേരിക്കൻ സ്വാതന്ത്ര്യസമരവും ചിന്തകൻമാരും

**ജോൺ ലോക്ക്** -മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട് അതിനെ ഹനിക്കുവാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.



***തോമസ് പെയിൻ*** -ഏതെങ്കിലും വിദേശശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.



**ജയിംസ് ഓട്ടിസ് -** പ്രാതിനിധ്യമില്ലാതെ നികുതിയില്ല

**തോമസ് ജെഫേഴ്സൺ,**

**---- സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കി**

**ബെഞ്ചമിൻ ഫ്രാങ്ക്ളിൻ ,**

**ജോർജ് വാഷിങ്ടൺ --സൈന്യത്തലവൻ രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്**

***1775***



**ഫിലാഡൽഫിയ**

# അമേരിക്കൻ സ്വാതന്ത്ര്യസമരം പ്രധാന സംഭവങ്ങൾ

1.ബോസ്റ്റൺ ടീപാർട്ടി - 1773

2.ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് - 1774

3.രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് -1775

4.അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം - 1776

5.യുദ്ധം അവസാനിച്ചു - 1781

6.പാരീസ് ഉടമ്പടി - 1783

# അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിലെ പ്രധാന ആശയങ്ങൾ

1.എല്ലാ മനുഷ്യരും തുല്യരാണ്

2.എല്ലാവർക്കും ചില അവകാശങ്ങളുണ്ട്

3.ജീവിക്കാനുള്ള സ്വാതന്ത്ര്യം

4.ജനാധിപത്യ അവകാശം

# ലോകചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ സ്വാധീനം

**<u>പ്രധാന സംഭാവനകൾ</u>**

പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്ക് പ്രചോദനവും ലക്ഷ്യബോധവും നൽകി

മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി

റിപ്പബ്ലിക്കൻ ഭരണ രീതി എന്ന ആശയം മുന്നോട്ട് വച്ചു

ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി

ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി

Q1. 'കോമൺ സെൻസ്'  എന്ന ലഘുലേഖ ആരുടെ സൃഷ്ടിയാണ്?

ഉ:  തോമസ് പെയിൻ

Q2. അമേരിക്കയുടെ പുതിയ ഭരണഘടന തയ്യാറാക്കിയത് ആരുടെ നേതൃത്തത്തിലാണ്?

ഉ:  ജയിംസ് മാഡിസൺ

Q3. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡണ്ട് ആരായിരുന്നു ?

ഉ:  ജോർജ് വാഷിംങ്ടൺ

# ഫ്രഞ്ച് വിപ്ലവം--1789

## ഫ്രഞ്ച് വിപ്ലവത്തിനുള്ള കാരണങ്ങൾ

* സാമൂഹ്യകാരണങ്ങൾ
* രാഷ്ട്രീയകാരണങ്ങൾ
* സാമ്പത്തിക കാരണങ്ങൾ
* ചിന്തകൻമാരുടെ സ്വാധീനം

1. സാമൂഹ്യ കാരണങ്ങൾ- ഫ്രഞ്ച് സമൂഹം മൂന്ന് എസ്റ്റേറ്റുകളായി വിഭജിക്കപ്പെട്ടിരുന്നു



# ഒന്നാം എസ്റ്റേറ്റ്

## പുരോഹിതൻമാർ

ധാരാളം ഭൂപ്രദേശം കൈവശം വെച്ചു.

കർഷകരിൽ നിന്നും "തിഥെ" എന്ന പേരിൽ നികുതി പിരിച്ചു

എല്ലാതരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു

ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു

# രണ്ടാം എസ്റ്റേറ്റ്

പ്രഭുക്കൻമാർ

സൈനീക സേവനം നടത്തി

കർഷകരിൽ നിന്ന് പലതരം നികുതികൾ പിരിച്ചു

വേതനം കൂടാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു

നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു

ആഡംബരജീവിതം

വിശാലമായ ഭൂപ്രദേശം കൈവശം വെച്ചു

# മൂന്നാം എസ്റ്റേറ്റ്

കച്ചവടക്കാർ,എഴുത്തുകാർ,ആഭിഭാഷകർ,ഉദ്യോഗസ്ഥന്മാര് ,അധ്യാപകർ,എന്നിവരടങ്ങിയ മധ്യ വർഗ്ഗം, കർഷകര് ,കൈത്തൊഴിലുകാർ

ഭരണത്തിൽ ഒരവകാശവുമില്ല

"തൈലേ" എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം

താഴ്ന്ന സാമൂഹിക പദവി

പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കുമുള്ള നികുതി നല്കണം

*. <u>ചിന്തകൻമാരുടെ പ്രചോദനം</u>


1.വോൾട്ടയർ



പുരോഹിതൻമാരുടെ ചൂഷണത്തെ പരിഹസിച്ചു

യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോൽസാഹിപ്പിച്ചു

2. റൂസ്സോ



സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്

ജനങ്ങളാണ് പരമാധികാരി

## മൊണ്ടസ്ക്യൂ



ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രാൽസാഹിപ്പിച്ചു.

ഗവൺമെന്റിനെ നിയമനിർമ്മാണം,കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായ് തിരിക്കണമെന്ന് വാദിച്ചു.

## 3. രാഷ്ട്രീയകാരണങ്ങൾ

ഏകാധിപത്യഭരണമാണ് ഫ്രാൻസിൽ നിലനിന്നിരുന്നത്

ഭരണാധികാരികൾ ധൂർത്തൻമാരായിരുന്നു

കാര്യക്ഷമതയില്ലാത്ത ഭരണാധികാരികൾ

## 4. സാമ്പത്തിക കാരണങ്ങൾ

ഭരണാധികാരികളുടെ ആഡംബര ജീവിതവും ധൂർത്തും

തുടർച്ചയായ വരൾച്ചയും കൃഷിനാശവും

ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതി തകർന്നു

## ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ

ടെന്നീസ് കോർട്ട് പ്രതിജ്ഞ - 1789 ജൂലൈ

ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭം - 1789 ജൂലൈ 14

മനുഷ്യാവകാശ പ്രഖ്യാപനം - 1789 ആഗസ് 12

ഫ്രാൻസ് ഒരു റിപ്പബ്ലിക്കായി - 1792 സെപ്തംബർ

ഫ്രാൻസിലെ ദേശീയ അസംബ്ലി പാസാക്കിയ മനുഷ്യാവകാശപ്രഖ്യാപനത്തിലെ പ്രധാന ആശയങ്ങൾ എന്തൊക്കെയായിരുന്നു ?

1.എല്ലാ മനുഷ്യരും തുല്ല്യരും സ്വതന്ത്രരും

2.ജനങ്ങളാണ് പരമാധികാരികൾ

3.ജനങ്ങളുടെ താൽപര്യത്തിന്റെ പ്രതിഫലനമാണ് നിയമങ്ങൾ

4.എല്ലാ പരമാധികാരവും രാഷ്ട്രത്തിൽ കുടികൊള്ളുന്നു

## ഫ്രഞ്ച്‌വിപ്ലവത്തിന്റെ സ്വാധീനങ്ങൾ പരിശോധിക്കാം

1.പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു.

2.യൂറോപ്പിൽ ഫ്യൂഡൽവ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി.

3.രാജ്യമെന്നാൽ പ്രദേശമല്ല രാജ്യത്തെജനങ്ങളാണ് എന്നു പ്രഖ്യാപിച്ചു.

4.ജനകീയപരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി.

5.ദേശീയതയുടെ വളർച്ചക്ക് വഴിയൊരുക്കി.

6.മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.

7. യൂറോപ്പിൽ നിലനിന്ന സേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയുയർത്തി.

Questions-

Q1.കോമൺസ് എന്നറിയപ്പെട്ട എസ്റ്റേറ്റ് ഏതായിരുന്നു ?

An. മൂന്നാം എസ്റ്റേറ്റ്

Q2. 'ഞാനാണ് രാഷ്ട്രം ' ആരുടേതാണ് ഈ വാക്കുകൾ ?

An. ലൂയി പതിനാലാമൻ

Q3. എനിക്ക് ശേഷം പ്രളയം എന്ന് പറഞ്ഞ ഭരണാധികാരിയാര് ?

An. ലൂയി പതിനഞ്ചാമൻ

# നെപ്പോളിയനും ഫ്രഞ്ച്‌വിപ്ലവവും

* 1799 ൽ അധികാരം ഏറ്റെടുത്തു

*ഫ്രാൻസിനെതിരെയുള്ള യൂറോപ്യൻ സഖ്യത്തെ നേരിട്ടു.

*ഫ്രാൻസിൽ ദേശീയത ശക്തിപ്പെട്ടു.

*1815-ൽ വാട്ടർലൂ യുദ്ധത്തിൽ പരാജയപ്പെട്ടു.



## നെപ്പോളിയന്റെ പരിഷ്കാരങ്ങൾ

* കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.

*പുരോഹിതൻമാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.

*പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.

*ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.

*നിരവധി റോഡുകൾ നിർമ്മിച്ചു.

*നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയനിയമസംഹിതയുണ്ടാക്കി.

# ലാറ്റിനമേരിക്കൻ വിപ്ലവം

# മാച്ചുപിക്ച്ചു-പെറു



## ലാറ്റിനമേരിക്കയിൽ കോളനികൾ സ്ഥാപിച്ച പ്രധാന യൂറോപ്യൻ രാജ്യങ്ങൾ

*സ്പെയിൻ *പോർച്ചുഗൽ



# മാച്ചു പിക്ച്ചു

കൊളംബിയൻ കാലഘട്ടത്തിനു മുൻപുണ്ടായിരുന്ന ഇൻകൻ സാമ്രാജ്യത്തിൽപ്പെട്ട ഒരു പ്രദേശമാണ് മാച്ചു പിക്ച്ചു. പെറുവിലെ കുസ്കോ നഗരത്തിൽ നിന്നും 80 കി.മീറ്റർ അകലെയുള്ള ഉറുബാംബ താഴ്വരയുടെ മുകളിൽ ഒരു പർവ്വതശിഖരത്തിൽ 2,430 മീറ്റർ (8,000 അടി) ഉയരത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇതിനു സമീപത്തുകൂടി ഉറുബാംബ നദി ഒഴുകുന്നുണ്ട്, ആമസോൺ നദിയുടെ ഒരു കൈവഴിയാണ് ഉറുബാംബ. ഇൻകൻ സമ്രാജ്യത്തിൽപ്പെട്ട പ്രശസ്തമായ പ്രദേശമാണ് മാച്ചു പിക്ച്ചു, "ഇൻകകളുടെ നഷ്ടപ്പെട്ട നഗരം" എന്ന് ഇതിനെ വിളിക്കുന്നു.

1460 ന് അടുത്താണ് ഇത് നിർമ്മിക്കപ്പെട്ടത്, ശേഷം നൂറുവർഷത്തിനകം സ്പാനിഷുകാർ ഇൻകൻ സാമ്രാജ്യത്തിൽ നടത്തിയ കൈയേറ്റത്തോടെ ഇൻകകളുടെ ഔദ്യോഗിക പ്രദേശമെന്ന പരിഗണന നൽകാതെ ശേഷം കൈയൊഴിയപ്പെടുകയും ചെയ്തു. പ്രദേശികമായി അറിയുന്ന പ്രദേശമായിരുന്നെങ്കിലും നൂറ്റാണ്ടുകളോളം ഈ മേഖല പുറം ലോകത്താൽ ശ്രദ്ധിക്കപ്പെടാതെ കിടന്നു. അമേരിക്കൻ ചരിത്രകാരനായിരുന്ന ഹിറാം ബിങ്ങ്ഹാം ആണ് 1911 ഇതിനെ പുറം ലോകത്തിന് പരിചയപ്പെടുത്തിയത്. അന്നുമുതൽ ഈ പ്രദേശം വിനോദ സഞ്ചാരികളേയും ചരിത്രകാരൻമാരേയും ആകർഷിക്കുന്ന മേഖലയായി മാറി. 1867 ൽ തന്നെ ജർമ്മൻ വ്യാപാരിയായ ഓഗസ്റ്റോ ബേൺസ് ഈ സ്ഥലം കണ്ടെത്തിയിരുന്നു എന്നാണ് അടുത്തകാലത്തെ വെളിപ്പെടുത്തലുകൾ നൽകുന്ന സൂചന.മാച്ചു പിക്ച്ചു

1981 ൽ പെറു ഇതിനെ സംരക്ഷിത ചരിത്രസ്മാരകമായി പ്രഖ്യാപിച്ചു, 1983 ൽ യുനെസ്കോ ഇതിനെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുകയുണ്ടായി. സ്പാനിഷ് അധിനിവേശ കാലത്ത് ഇത് നശിപ്പികപ്പെടാതെ കിടക്കുകയാണുണ്ടായത്, ഇപ്പോൾ ഇതിനെ പ്രാധാന്യമർഹിക്കുന്ന സാംസ്കാരികമായ സംരക്ഷിത മേഖലയായി കരുതിപ്പോരുന്നു.

മിനുസപ്പെടുത്തിയ കൽമതിലുകൾ ഉപയോഗിച്ചുള്ള പഴയ് ഇൻകൻ കാല രീതിയിലാണ് മാച്ചു പിക്ച്ചു നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇതിലെ പ്രധാന കെട്ടിടങ്ങൾ ഇൻതിഹൊതാന, സൂര്യക്ഷേത്രം, മൂന്ന് ജനാലകളുടെ അറ എന്നിവയാണ്. ഇവയെല്ലാം മാച്ചു പിക്ച്ചുവിന്റെ പരിപാവന ജില്ല എന്ന് പുരാവസ്തുവിദഗ്ദന്മാർക്കിടയിൽ അറിയപ്പെടുന്ന സ്ഥലത്താണുള്ളത്. 2007 സെപ്റ്റംബറിൽ പെറുവും യാലെ സർവ്വകലാശാലയും തമ്മിൽ ഒരു കരാറിലേർപ്പെടുകയുണ്ടായി, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഹിറാം ബിങ്ങ്ഹാം ഇവിടെ നിന്നും കടത്തികൊണ്ട് പോയ പുരാവസ്തുക്കൾ തിരിച്ചേൽപ്പിക്കുന്നതിനെ കുറിച്ചാണ് ഈ കരാർ. 2003 ലെ കണക്ക് പ്രകാരം ആ വർഷം 400,000 സഞ്ചാരികൾ ഇവിടം വന്നുപോകുകയുണ്ടായി, ഇത്തരത്തിലുള്ള സന്ദർശകരുടെ പ്രവാഹം ഈ പ്രദേശത്തിന്റെ നിലനില്പിന് ഹാനികരമാകുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്

## കോളനിവൽക്കരണത്തിന്റെ ഫലമായി ലാറ്റിനമേരിക്കയിൽ വന്ന മാറ്റങ്ങൾ---

*സ്പാനിഷ് ഭാഷയുടെ പ്രചാരം

*സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും

*യൂറോപ്യൻ കൃഷിരീതികൾ കോളനികളിൽ നടപ്പിലാക്കി.

*പുതിയ രോഗങ്ങൾ കടന്നുവന്നു

## കോളനിവൽക്കരണത്തിന്റെ ഫലമായി ലാറ്റിനമേരിക്കൻ ജനത അനുഭവിച്ച വിവേചനങ്ങൾ

*ലാറ്റിനമേരിക്കൻ ഖനികളിൽ നിന്നും സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ യൂറോപ്യർ കവർന്നെടുത്തു.

*സ്പെയിനുമായല്ലാതെ മറ്റുരാജ്യങ്ങളുമായി വാണിജ്യബന്ധത്തിലേർപ്പെടാൻ ജനങ്ങളെ അനുവദിച്ചില്ല.

* സ്പെയിനിനിൽ നിർമ്മിക്കുന്ന വസ്തുക്കൾ കോളനികളിൽ നിർമ്മിക്കാൻ പാടില്ലായിരുന്നു.

*ഖനികളിലെ അപകടകരമായ സാഹചര്യങ്ങളിൽ ജനങ്ങൾ പണിയെടുക്കേണ്ടിവന്നു.

തോട്ടങ്ങളിലും മറ്റും കോളനിക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചു.



മെക്സിക്കോ
വെനസ്വേല
കൊളംബിയ
ഇക്വഡോർ
പെറു
ബ്രസീൽ
ബൊളിവിയ
ചിലി
അർജന്റീന

# കോളനിവൽക്കരണത്തിൽ നിന്നും മോചനം നേടിയ ലാറ്റിനമേരിക്കൻ രാജ്യങ്ങൾ

രാജ്യം 1 ഏത്? - മെക്സിക്കോ

രാജ്യം 2 ഏത്?- ഇക്വഡോർ

രാജ്യം 3 ഏത്? -വെനിസ്വേല

രാജ്യം 4 ഏത് - കൊളംബിയ

രാജ്യം 5 ഏത്?- പെറു

രാജ്യം-6 ഏത് - ബൊളിവിയ

രാജ്യം 7 ഏത് - ചി ലി

രാജ്യം 8ഏത്?- അർജന്റീന

രാജ്യം 9ഏത്? - ബ്രസീൽ

# വിമോചനത്തിന്റെ നേതാക്കൾ

1.സൈമൺ ബോളിവർ- വെനസേല




തെക്കെ അമേരിക്കയിലെ ജോർജ് വാഷിംങ്ടൺ

2. ഫ്രാൻസിസ്കോ മിരാൻഡ



ജോസെ ഡി സാൻമാർട്ടിൻ- അർജന്റീന



# റഷ്യൻ വിപ്ളവം -1917

ഇരുപതാം നൂറ്റാണ്ടിന്റെ ഇതുടക്കത്തിലെ റഷ്യയിലെ സാമൂഹ്യ അവസ്ഥ എപ്രകാരമായിരുന്നു.

*റഷ്യ ഭരിച്ചിരുന്നത് ഏകാധിപതികളായ സർ ചക്രവർത്തികൾ.

*തൊഴിലാളികളുടെയും കർഷകരുടെയും ദുരിതജീവിതം.

*കാർഷികമേഖലയിലെ കുറഞ്ഞ ഉൽപാദനം.

*ഭൂരഹിതരായ കർഷകർക്ക് അമിത നികുതി.

*കുറഞ്ഞ വ്യാവസായിക ഉൽപാദനം.

റഷ്യയിലെ കർഷകർക്കും തൊഴിലാളികൾക്കും ആവേശം പകർന്ന എഴുത്തുകാരും ചിന്തകൻമാരും

*മാക്സിം ഗോർക്കി

*ലിയോ ടോൾസ്റ്റോയി

*ഇവാൻ തുർഗനോവ്

*ആന്റൺ ചെക്കോവ്

*കാൾ മാർക്സ്

*ഫെഡറിക് എംഗൽസ്

# റഷ്യൻ വിപ്ലവത്തിനുള്ള കാരണങ്ങൾ

*ഇരുപതാം നൂറ്റാണ്ടിലെ റഷ്യയിലെ സാമൂഹ്യചുറ്റുപാട്

*സർ ചക്രവർത്തിമാരുടെ സേച്ഛാധിപത്യ ഭരണം

*1905 ൽ ജപ്പാനോടുള്ള യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടു

*സാമ്പത്തിക തകർച്ച

*സാഹിത്യകാരൻമാരുടെ സ്വാധീനം

*സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർട്ടിയുടെ രൂപീകരണം

# സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി

- മെൻഷേവിക്കുകൾ

  *അലക്സാണ്ടർ കെരൻസ്കി

  * വലതുപക്ഷം

  *ന്യൂനപക്ഷവിഭാഗം

- ബോൾഷേവിക്കുകൾ

  * ലെനിൻ, ട്രോട്സ്കി

  *ഇടതുപക്ഷം

  *ഭൂരിപക്ഷവിഭാഗം

## താഴെപറയുന്ന ഓരോന്നിനെക്കുറിച്ചും ലഘുവിവരണം നൽകുക

*രക്തരൂഷിതമായ ഞായറാഴ്ച

*ഫെബ്രുവരി വിപ്ളവം

*ഒക്ടോബർ വിപ്ളവം

## ഒക്ടോബർ വിപ്ളവാനന്തരം ലെനിൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം?

*ഒന്നാം ലോകയുദ്ധത്തിൽ നിന്നും പിൻമാറി.

*പ്രഭുക്കൻമാരുടെ ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.

*ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗതസൗകര്യങ്ങൾ, വിദേശവ്യാപാരം എന്നിവ പൊതു ഉടമസ്ഥതയിലാക്കി.

QUESTIONS--

1.സമരങ്ങൾ നടത്താനായി റഷ്യയിൽ രൂപീകൃതമായ തൊഴിലാളിസംഘങ്ങൾ ഏത് പേരിലറിയപ്പെട്ടു ?

ഉ..സോവിയറ്റുകൾ

2.റഷ്യയുടെ നിയമനിർമാണസഭയുടെ പേര്

ഉ...ദ്യൂമ

3.റഷ്യയിൽ പുതിയഭരണഘടണ നിലവിൽ വന്നത് ഏത് വർഷം ?

ഉ..1924 (സോവിയറ്റ് യൂണിയൻ U S S R) നിലവിൽ വന്നു

# ചൈനീസ് വിപ്ലവം

# ചൈനീസ് വിപ്ലവം-1911

*വിദേശാധിപത്യത്തിനും രാജവാഴ്ചക്കും എതിരായ വിപ്ലവം

*മഞ്ചു രാജവംശത്തിന്റെ ദുർഭരണം

*സൺയാത് സെന്നിന്റെ നേതൃത്വം

*കറുപ്പുവ്യാപാരവും തുറന്നവാതിൽ നയവും ചൈനയെ സാമ്പത്തികമായി തളർത്തി.

# ചൈനീസ് വിപ്ലവും ഡോ. സൺയാത് സെന്നിന്റെ സംഭാവനകളും

*മഞ്ചു രാജഭരണത്തിനെതിരെ 1911 ൽ വിപ്ലവം നയിച്ചു.

*ദക്ഷിണചൈനയിൽ കുമിന്താങ് പാർട്ടിയുടെ സഹായത്താൽ റിപ്പബ്ലിക്കൻ ഭരണം.

*ദേശീയത,ജനാധിപത്യം,സോഷ്യലിസം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം.

*ചൈനയുമായി വിദേശികൾ ഒപ്പിട്ട അന്യായമായ ഉടമ്പടികൾ റദ്ദാക്കാൻ തീരുമാനിച്ചു.

*1921 ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായി.

## ചിയാങ് കൈഷക്ക്

* ചൈനയിൽ ഏകാധിപത്യ ഭരണത്തിന് തുടക്കം

*വിദേശവ്യാപാരത്തിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞു.

* ചൈനയുടെ കൽക്കരി, ഇരുമ്പുവ്യവസായങ്ങൾ, ബാങ്കിങ് തുടങ്ങിയവയെല്ലാം നിയന്ത്രിച്ചത് വിദേശികളായിരുന്നു.

*കമ്മ്യൂണിസ്റ്റുകളെ ക്രൂരമായി നേരിട്ടു.

## മാവോ സെ തുംഗ്----  ചൈനയിലെ ജനകീയറിപ്പബ്ലിക്



*മാവോ സെ തുംഗ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി.

*1934 -ൽ കിയാങ്സിയിൽ നിന്ന് യെനാനിലേക്ക് ഒരു ലോങ് മാർച്ച് സംഘടിപ്പിച്ചു.

*ഈ യാത്രയിൽ പ്രഭുക്കൻമാരിൽ നിന്ന് ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.

1949 october 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ റിപ്പബ്ലിക്കായി.

താഴെപ്പറയുന്ന ഓരോന്നിനെക്കുറിച്ചും ലഘുവിവരണം നൽകുക.

1.കറുപ്പ് യുദ്ധം

2.തുറന്ന വാതിൽ നയം

3.ബോക്സർ കലാപം

4.ലോങ് മാർച്ച്

- ചൈനയെ അധീനപ്പെടുത്താൻ പാശ്ചാത്യ ശക്തികളും അമേരിക്കയും സ്വീകരിച്ച തന്ത്രങ്ങൾ വ്യത്യസ്തമായിരുന്നു വ്യക്തമാക്കുക

- Western powers and America adopted different strategies to dominate China. Elucidate.

- ചൈനയെ ജനകീയ റിപ്പബ്ലിക്കാക്കുന്നതിൽ മാവോ സെ തുംഗ് വഹിച്ച പങ്കിനെക്കുറിച്ച് കുറിച്ച് കുറിപ്പ് തയ്യാറാക്കുക

Prepare a note on the role played by Mao Zedong to make China a peoples republic

## ലോകത്തെ മാറ്റിമറിച്ച വിപ്ലവങ്ങൾ

| അമേരിക്കൻ സ്വാതന്ത്ര്യസമരം | ഫ്രഞ്ച് വിപ്ലവം | ലാറ്റിനമേരിക്കൻ വിപ്ലവം | റഷ്യൻ വിപ്ലവം | ചൈനീസ് വിപ്ലവം |
|---|---|---|---|---|
| ബ്രിട്ടന്റെ കോളനിവാഴ്ചയ്ക്കെതിരായി. | സ്വേച്ഛാധിപത്യത്തിനും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരായി. | സ്പെയിനിന്റെയും പോർച്ചുഗലിന്റെയും ആധിപത്യത്തിനെതിരായി. | രാജവാഴ്ചയ്ക്കും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരായി. | വിദേശാധിപത്യത്തിനും ഫ്യൂഡൽ വ്യവസ്ഥയ്ക്കും മഞ്ചു രാജവാഴ്ചയ്ക്കുമെതിരായി. |
| ജോർജ് വാഷിങ്ടൺ, തോമസ് ജെഫേഴ്സൺ, തോമസ് പെയിൻ | വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യു | ഫ്രാൻസിസ്കൊ മിരാൻഡ, സൈമൺ ബോളിവർ, ജൊസെഡിസാൻ മാർട്ടിൻ | കെരൻസ്കി, ലെനിൻ, ട്രോട്സ്കി | സൻയാത് സെൻ, മാവോ സെ തുംഗ് |

END OF THE CHAPTER

THANKS

BY : MUSTAFA PALOLI

GHSS NADUVANNUR
Kozhikode,9847481337

